**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1961** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2021 മുതൽ 2025-വരെ അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ? | (എ) | ആലപ്പുഴ ജില്ലാ ഫിഷറീസ് വകുപ്പ് മുഖേന 2021 മുതൽ 2025 വരെ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>2021 മുതൽ 2025-വരെ അമ്പലപ്പുഴ മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും **അനുബന്ധം II** ആയി ചേർക്കുന്നു.<br><br>**സാഫ്**<br><br>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)**<br><br>മത്സ്യമേഖലയെ ആശ്രയിച്ച് ചെയ്യുന്ന തൊഴിലിൽ നിന്ന് വ്യത്യസ്തമായി മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കി. ഇതിൽ 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. സംരംഭം ആരംഭിക്കുന്നതിനായി ഒരംഗത്തിന് ഒരു ലക്ഷം രൂപ (അഞ്ച് പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ) ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. |

ഈ പദ്ധതിയിലൂടെ തിരഞ്ഞെടു ത്തിരിക്കുന്ന യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെന്റ്, പലിശ സബ്സിഡി, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, ബ്രാന്റിങ്ങ് & മാർക്കറ്റിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി)</u>**

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴി ലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തന മൂലധനമായി ഒരംഗത്തിന് 10000/-രൂപ (ഒരു ഗ്രൂപ്പിന് 50000/- രൂപ) വീതം പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകി. റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ അനുവദിച്ചു.

ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിൻറെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു.

പദ്ധതിയുടെ വിവരങ്ങൾ **അനുബന്ധം III** ആയി ചേർക്കുന്നു.

യൂണിറ്റുകൾക്ക് 2024 - 25 സാമ്പത്തിക വർഷത്തിൽ 29767 തൊഴിൽദിനങ്ങളിലായി 77.02 ലക്ഷം രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. 2024 - 25 സാമ്പത്തിക വർഷത്തിൽ 2.17 കോടി രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്.

**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**

2021 മുതൽ 2025 വരെ അമ്പലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം IV** ആയി ചേർക്കുന്നു.

**<u>മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

| | | | |
|---|---|---|---|
| | | | മത്സ്യഫെഡ് മുഖേന അമ്പലപ്പുഴ മണ്ഡലത്തിലെ പറവൂരിൽ, നൈലോൺ യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് 550 ലക്ഷം രൂപ ചെലവിൽ നിർമ്മാണം പൂർത്തിയാക്കി 2024 ഫെബ്രുവരി 15- ന് ഉദ്ഘാടനം ചെയ്തു.<br><br>കൂടാതെ, 2021-2025 കാലയളവിൽ, അമ്പലപ്പുഴ മണ്ഡലത്തിൽ മത്സ്യഫെഡ് മുഖേന മത്സ്യബന്ധനോപകരണ വായ്പയായി 172.96 ലക്ഷം രൂപയും, മൈക്രോ ഫിനാൻസ് വായ്പയായി 2654.49 ലക്ഷം രൂപയും, മത്സ്യവിപണനം നടത്തുന്നവർക്കുള്ള പലിശ രഹിത വായ്പയായി 9.6 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം I</u>

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി | 11,15,730/- |
| 2 | പുനർഗേഹം | 5,01,000,000/- |
| 3 | കോളനി പുനർനിർമ്മാണം | 7,00,000/- |
| 4 | പ്രതിഭാതീരം | 1,34,000/- |
| 5 | സ്ക്വയർ മെഷ് കോഡ് എൻഡ് | 1,83,900/- |
| 6 | കരിയർ ഗൈഡൻസ് | 16,800/- |
| 7 | ബോധവൽക്കരണം | 95,000/- |
| 8 | മെഡിക്കൽ ക്യാമ്പ് | 2,33,929/- |
| 9 | സമ്പാദ്യ സമാശ്വാസ പദ്ധതി | 17,93,43,000/- |
| 10 | മത്സ്യകൃഷി (JMK, PMMSY) | 85,24,539/- |
|  | ആകെ | 69,13,46,898/- |

# അനുബന്ധം II

| ക്രമ നം | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| | 2022 – 23 സാമ്പത്തിക വർഷം | | | |
| 1 | മണ്ണുംപുറം ഫ്ലാറ്റ് സമുച്ചയം – ചുറ്റുമതിൽ നിർമ്മാണം | 56 | 38.24339 | പദ്ധതി പൂർത്തികരണ ഘട്ടത്തിൽ |
| | 2023 – 24 സാമ്പത്തിക വർഷം | | | |
| 2 | മണ്ണുംപുറം ഫ്ലാറ്റ് സമുച്ചയം – RCC overhead water supply, വൈദ്യുതികരണം | 347 | 84.5651 | RCC overhead tank പ്രവൃത്തിയുടെ കരാറുകാരനെ പ്രവൃത്തി ആരംഭിച്ചിട്ടും പുരോഗതി കൈവരിക്കാത്തതിനാൽ ടെർമിനേറ്റ് ചെയ്തു. ടി വർക്ക് റീഅറേഞ്ച് ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. |
| 3 | മണ്ണുംപുറം ഫ്ലാറ്റ് സമുച്ചയം — ലാന്റ് ഡെവലപ്മെന്റ് | 100 | 90.0746 | പദ്ധതി പൂർത്തികരിച്ചു |
| | 2024 – 25 സാമ്പത്തിക വർഷം (കേന്ദ്ര ധനസഹായ പദ്ധതി) | | | |
| 4 | ക്ലൈമറ്റ് റസിലിയൻറ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, തോട്ടപ്പള്ളി | 200 | 0 | പദ്ധതി പുരോഗമിക്കുന്നു |

**അനുബന്ധം III**

| നം | പദ്ധതിയുടെ പേര് | യൂണിറ്റിന്റെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറുകിട സംരംഭങ്ങളുടെ വികസനം | 16 | 25 | 34.32 |
| 2 | വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് | 35 | 91 | 12.35 |
| 3 | സാങ്കേതിക വിദ്യ നവീകരണം | 6 | 12 | 2.59 |
| 4 | ഇൻററസ്റ്റ് ഫ്രീ ക്രെഡിറ്റ് സപ്പോർട്ട് | 4 | 8 | 0.11 |
| 5 | ജൊയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) | 50 | 250 | 113.70 |
|  | ആകെ | 111 | 386 | 163.07 |

# അനുബന്ധം IV

| നം. | പ്രവൃത്തിയുടെ പേര് | തുക | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി | ചിലവഴിച്ച തുക |
|---|---|---|---|---|
| 2021-22 | | | | |
| 1 | പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 5 ലെ കരിമ്പ വളവ് ആറ്റുതീരം റോഡ് | 215.70 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു | 2,00,13,704 |
| 2022-23 | | | | |
| 1 | ദേശീയപാത മുതൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ വരെയുള്ള റോഡ് | 150.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു | 1,49,06,576 |
| 2 | തോട്ടപ്പള്ളി മണ്ണുംപുറം ഫിഷർമെൻ ഫ്ലാറ്റിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം | 75.00 ലക്ഷം | പ്രവൃത്തി പുരോഗമിച്ചുവരുന്നു. | |
| 2023-24 | | | | |
| 1 | അമ്പലപ്പുഴ നോർത്ത് പഞ്ചായത്ത് വാർഡ് നം.13, 14 ലെ കാട്ടുക്കാരൻ കാർഗിൽ ജംഗ്ഷൻ റോഡ് | 28.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു | 22,82,137 |

| | | | | |
|---|---|---|---|---|
| 2 | ആലപ്പുഴ നഗരസഭ പള്ളാത്തുരുത്തി വാർഡിലെ കന്നിട്ട ജെട്ടി റോഡ് | 61.00 ലക്ഷം | പ്രവൃത്തി പുരോഗമിച്ചുവരുന്നു. | 31,02,169 രൂപയുടെ ബിൽ LOC proposal നായി സമർപ്പിച്ചിട്ടുണ്ട്. |
| 3 | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 4 ലെ കുന്നേൽ പുതുക്കരി റോഡ് | 72.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു | 58,37,558 |
| **2024-25** | | | | |
| 1 | ഇ.എം.എസ്. റോഡ് | 31.00 ലക്ഷം | കരാറിലേർപ്പെട്ടിട്ടുണ്ട്. | |
| 2 | വ്യാസ ജംഗ്ഷൻ തീരദേശ റോഡ് | 45.40 ലക്ഷം | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. | |
| 3 | പുറക്കാട് ഗ്രാമപഞ്ചായത്തിലെ സംഘപത് കിഴക്കേ പള്ളിത്തറ റോഡ് | 60.00 ലക്ഷം | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു | |